


# പ്രാർത്ഥനയോടെ കാത്തിരിക്കാം

ലൂക്കാ 18:1 – 8; 1 തെസ. 2:14 – 20; ലേവ്യ 19:15 – 18

ബ്ര. ജിജോ വെള്ളക്കിഴങ്ങിൽ MSJ

Vol. 12, Issue: 11

*"ചോദിക്കുവിൻ; നിങ്ങൾക്കു ലഭിക്കും. അന്വേഷിക്കുവിൻ; നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ; നിങ്ങൾക്ക് തുറന്നുകിട്ടും."*

**മി**ശിഹായിൽ ഏറെ സ്നേഹിക്കപ്പെടുന്ന വൈദികരേ, പ്രിയസഹോദരങ്ങളേ,

ഇന്ന് കൈത്താക്കാലം ഏഴാം ഞായർ. ശ്ലീഹന്മാരുടെ സുവിശേഷപ്രവർത്തനങ്ങൾ കൊണ്ട് അടിസ്ഥാനമിട്ട സഭയുടെ വളർച്ച നിലനിർത്തുന്നതിനും തുടർന്നുള്ള കാലഘട്ടങ്ങളിൽ സഭയുടെ വളർച്ചയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനവും സഭയിലും സഭാമക്കളിലും കൂടുതൽ ഉണ്ടാകുന്നതിനും വേണ്ടി ദൈവജനം ഒന്നുചേർന്ന് പ്രാർത്ഥിക്കുന്ന കാലം. അതുകൊണ്ടായിരിക്കണം, ഭഗ്നാശരാകാതെ നിരന്തരം പ്രാർത്ഥിക്കണം എന്ന സന്ദേശവുമായി, ഒരു വിധവയുടെ ശല്യം സഹിക്കവയ്യാതെ അവൾക്ക് നീതി നടത്തിക്കൊടുക്കുന്ന നീതിരഹിതനായ ഒരു ന്യായാധിപന്റെയും വിധവയുടെയും ഉപമ ഇന്ന് നമ്മുടെ മുമ്പിലെത്തിയിരിക്കുന്നത്.

പഴയനിയമത്തിൽ അല്ലെങ്കിൽ യഹൂദസംസ്കാരത്തിൽ വിധവ നിസ്സഹായതയുടെ പ്രതീകമാണ്. ആ പട്ടണത്തിൽ ന്യായത്തിനും നീതിക്കും വേണ്ടി കൊതിക്കുന്ന ഒരുപാട് പേരുടെ പ്രതിനിധിയാണ് അവൾ. എതിരാളിക്കെതിരെ തനിക്ക് നീതി നടത്തിത്തരണമേ എന്ന് അവൾ നിരന്തരം അപേക്ഷിച്ചിരുന്നു. ഇത് കുറേ തവണ സംഭവിച്ചിരിക്കണം; കാരണം, വചനം പറയുന്നത് ഇപ്രകാരമാണ്: "കുറേ നാളത്തേക്ക് അവൻ അവളെ ഗൗനിച്ചില്ല" (ലൂക്കാ 18:4). മറ്റുള്ളവരുടെ ഔദാര്യമല്ല തനിക്ക് അർഹതപ്പെട്ട നീതിയാണ് അവൾ ചോദിക്കുന്നത്. അവളുടെ സ്ഥിരോത്സാഹത്തിനു മുന്നിൽ ന്യായാധിപൻ തന്റെ മനസ്സു മാറ്റി അവൾക്ക് നീതി നടത്തിക്കൊടുക്കുന്നു.

നിരാശരാകാതെ നിരന്തരം പ്രാർത്ഥിക്കണമെന്ന് ക്രിസ്തു ഈ ഉപമയിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നു. ഇന്നത്തെ ലേഖനത്തിൽ, സഹനത്തിലൂടെയും നിരന്തരമായ പ്രാർത്ഥനയിലൂടെയും ആത്മീയതയിൽ ഉയരുന്ന ഒരു സമൂഹത്തെക്കുറിച്ചുള്ള പൗലോസ് ശ്ലീഹായുടെ ആനന്ദമാണ് നാം വായിച്ചുകേട്ടത്.

ഹെർമൻ ഹെസ്സെയുടെ 'സിദ്ധാർത്ഥ' എന്ന നോവലിലെ പ്രധാന കഥാപാത്രമായ ജ്ഞാനസഞ്ചാരിയായ സിദ്ധാർത്ഥയോട് ഒരു കച്ചവടക്കാരൻ ചോദിക്കുന്നുണ്ട്: "ഈ യാത്രയിൽ എന്താണ് നിന്റെ മൂലധനം?" സിദ്ധാർത്ഥയുടെ മറുപടി ഇതായിരുന്നു: "I can think, I can wait, I can Fast –

എനിക്ക് ചിന്തിക്കാൻ കഴിയും, എനിക്ക് കാത്തിരിക്കാൻ കഴിയും, എനിക്ക് ഉപവസിക്കാൻ കഴിയും.'' പ്രാർത്ഥനാജീവിതത്തിൽ നമുക്കുണ്ടായിരിക്കേണ്ട പ്രധാനപ്പെട്ട മൂലധനങ്ങളിലൊന്നാണ് കാത്തിരിപ്പിനുള്ള കൃപ. വിശ്വാസവും സ്ഥിരോത്സാഹവും കാത്തിരിപ്പും ചേരുമ്പോഴാണ് ആ പ്രാർത്ഥനയ്ക്ക് ദൈവസന്നിധിയിൽ വിലയുണ്ടാവുന്നത്.

നിരന്തരമായ പ്രാർത്ഥന, കാത്തിരിപ്പ്, ക്ഷമ എന്നിവയ്ക്ക് നമ്മുടെ ആത്മീയജീവിതത്തിലുള്ള വില വളരെ വലുതാണ്. കാരണം വി. ലൂക്കായുടെ സുവിശേഷത്തിന്റെ 11-ാം അദ്ധ്യായത്തിൽ, അർദ്ധരാത്രിയിൽ യാത്രാമദ്ധ്യേ തന്റെ അടുക്കൽ വരുന്ന സുഹൃത്തിനു വേണ്ടി തന്റെ മറ്റൊരു സ്നേഹിതനെ സമീപിച്ച് മൂന്ന് അപ്പം കടം ചോദിക്കുന്ന ഒരുവന്റെ ചിത്രം, ക്രിസ്തു പറഞ്ഞുവയ്ക്കുന്നുണ്ട്. ''എന്നെ ഉപദ്രവിക്കരുത്. ഞാനും എന്റെ മക്കളും കിടക്കയിലാണ്. എഴുന്നേറ്റ് നിനക്ക് ഒന്നും തരാൻ സാധിക്കില്ല എന്ന് പറയുമ്പോഴും തന്റെ സുഹൃത്തിനു വേണ്ടി മറ്റൊരുവന്റെ വാതിൽക്കൽ ശുഭപ്രതീക്ഷയുമായി കാത്തുനിൽക്കുന്ന ഒരുവൻ. തുടർന്ന്, ക്രിസ്തു പറയുന്നു: അവൻ സ്നേഹിതനാണ് എന്നതിന്റെ പേരിൽ അവന് ഒന്നും കൊടുക്കുകയില്ലെങ്കിൽ തന്നെ നിർബന്ധം നിമിത്തം എഴുന്നേറ്റ് അവന് വേണ്ടതു നൽകും.'' ഇവിടെയാണ് ഇന്നത്തെ പഴയനിയമവായനയിൽ ലേവ്യരുടെ പുസ്തകം 19-ാം അദ്ധ്യായം 18-ാം വാക്യത്തിന്റെ പ്രസക്തിയേറുന്നത്. ''നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക.'' തന്റെ സംഭാഷണം അവസാനിപ്പിക്കുമ്പോൾ തന്നെ ശ്രവിക്കുന്നവരോടായി ക്രിസ്തു പറഞ്ഞവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്: ''ചോദിക്കുവിൻ; നിങ്ങൾക്കു ലഭിക്കും. അന്വേഷിക്കുവിൻ; നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ; നിങ്ങൾക്ക് തുറന്നുകിട്ടും.'' എന്തു തന്നെ സംഭവിച്ചാലും തന്റെ സുഹൃത്ത് തന്നെ സഹായിക്കുമെന്നുള്ള ഉറച്ച ബോദ്ധ്യമാണ് ക്ഷമയോടെ വീണ്ടും വീണ്ടും നിർബന്ധിക്കാൻ അയാളെ പ്രേരിപ്പിക്കുന്നത്. നീതിക്കു വേണ്ടിയുള്ള പോരാട്ടത്തിൽ തന്നെ സഹായിക്കാൻ കഴിയുന്ന ഏകവ്യക്തി ന്യായാധിപനാണെന്ന വിശ്വാസമാണ് സ്ഥിരോത്സാഹത്തോടെ വീണ്ടും വീണ്ടും ആ ന്യായാധിപനെ സമീപിക്കാൻ ആ വിധവയെ പ്രേരിപ്പിക്കുന്നതും.

വളരെ കാലത്തെ പ്രാർത്ഥനയുടെയും കാത്തിരിപ്പിന്റെയും ഫലമായിരുന്നു സഖറിയ - എലിസബത്ത് ദമ്പതികളുടെ യോഹന്നാൻ എന്ന പുത്രൻ. നീണ്ട 33 വർഷത്തെ മോണിക്ക പുണ്യവതിയുടെ പ്രാർത്ഥനയുടെ ഫലമാണ് വി. അഗസ്റ്റിൻ. സ്നേഹമുള്ള സഹോദരരേ, സ്ഥിരോത്സാഹത്തോടെ നിരന്തരം പ്രാർത്ഥിക്കണമെന്ന് പറയുന്നതിനു വേണ്ടിയാണ് ഈശോ ന്യായാധിപന്റെയും വിധവയുടെയും ഉപമ പറയുന്നത്. നിരാശരാകാതെ, ക്ഷമയോടെ, കാത്തിരിപ്പോടെ നിരന്തരം പ്രാർത്ഥിക്കണമെന്ന് ഇന്നത്തെ സുവിശേഷം നമ്മോട് ആഹ്വാനം ചെയ്യുമ്പോൾ എന്താണ് നാം പ്രാർത്ഥിക്കുന്നതെന്നും എന്തിനു വേണ്ടിയാണ് നാം പ്രാർത്ഥിക്കുന്നതെന്നും വിചിന്തനം ചെയ്യുന്നത് ഉത്തമമായിരിക്കും. തികച്ചും ന്യായമായ കാര്യത്തിനാണ് വിധവ ന്യായാധിപനെ സമീപിക്കുന്നത്. എന്നാൽ, നമ്മുടെ പ്രാർത്ഥനകൾ പലപ്പോഴും സ്വാർത്ഥത നിറഞ്ഞതായി മാറുന്നുണ്ട്. അതാണ് ദൈവതിരുമുമ്പിൽ നാം സമർപ്പിക്കുന്നതും. തന്റെ ഇഷ്ടത്തേക്കാളും പിതാവിന്റെ ഹിതം നിറവേറട്ടെ എന്നായിരുന്നു ക്രിസ്തു പോലും പ്രാർത്ഥിച്ചത് എന്ന് നമുക്കോർക്കാം. ഓരോ യാമവും വിശുദ്ധീകരിച്ചുകൊണ്ട് നമ്മൾ പ്രാർത്ഥിക്കണമെന്ന് സഭ അനുശാസിക്കുന്ന നമ്മുടെ യാമപ്രാർത്ഥനകൾ, ദൈവത്തോടും സഭയോടും ചേർന്നുനിന്നു കൊണ്ട് പ്രാർത്ഥിക്കാൻ നമ്മെ സഹായിക്കുന്നവയാണ്. ഈയൊരു ബോദ്ധ്യത്തോടു കൂടി യാമപ്രാർത്ഥനകൾ ചൊല്ലുവാനും പ്രാർത്ഥിക്കുവാനും നമുക്ക് പരിശ്രമിക്കാം. അതിന് നമുക്ക് സാധിക്കട്ടെ. തീർച്ചയായും നിരന്തരമായ പ്രാർത്ഥന നമുക്ക് ആവശ്യമാണ്. പക്ഷേ, നമ്മുടെ ഭൗതികമായ സുഖസൗകര്യങ്ങളും സ്വപ്നങ്ങളും നിറഞ്ഞ പ്രാർത്ഥനകൾ മാറ്റിനിർത്തി ദൈവഹിതത്തോട് ചേർന്നുനിന്നു കൊണ്ടുള്ള പ്രാർത്ഥനകൾ നമുക്ക് ദൈവതിരുമുമ്പിൽ സമർപ്പിക്കാം.

സ്വന്തം ജീവൻ പോലും നമുക്കായി നൽകിയ നല്ല ദൈവത്തിന്റെ ഈ ദിവ്യബലിയിൽ നാം പങ്കുചേരുമ്പോൾ സ്വാർത്ഥത വെടിഞ്ഞ് തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി നമുക്ക് പ്രാർത്ഥിക്കാം. അപ്പോൾ നാം ചോദിക്കുന്നത് നമുക്ക് ലഭിക്കും, അന്വേഷിക്കുന്നത് കണ്ടെത്തും, മുട്ടുന്നത് തുറന്നുകിട്ടുകയും ചെയ്യും. സർവ്വശക്തനായ ദൈവം അതിന് നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.